(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാരെ ക്ഷേമത്തിനായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ 140.67 കോടി രൂപ ചെലവഴിച്ചു. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി 2001-2002, 2002-2003 വർഷങ്ങളിൽ 197.42 കോടിരൂപ ചെലവഴിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

136 (1028) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂറ് ശതമാനം കേന്ദ്ര സർക്കാർ സാമ്പത്തികസഹായം അനുവദിച്ച പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ നടപ്പാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടങ്ങളിൽ അനുമതി കിട്ടിയതും പൂർണ്ണമായും കേന്ദ്ര സർക്കാർ അധികാര സാമ്പത്തിക സഹായം അനുവദിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നടപ്പാക്കൽ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 100% കേന്ദ്ര സഹായത്തിൽപ്പെടുത്തി സാമ്പത്തിക സഹായം ലഭിച്ച പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 100% കേന്ദ്രസഹായം എന്നപേരിൽ നടത്തിവരുന്ന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ നിലവാരം ഉയർത്തൽ പദ്ധതികളുടെ 70%ത്തോളം ചെലവ് സംസ്ഥാനമാണ് വഹിക്കുന്നത്.

(ബി) പട്ടികജാതി ക്ഷേമത്തിനായി ഈ വിഭാഗത്തിനായുള്ള പോസ്റ്റുമെട്രിക് വിദ്യാഭ്യാസ ആനുകൂല്യ പദ്ധതിയും, വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിനായുള്ള പദ്ധതിയും പ്രത്യേകഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതികളും നിലവിലുണ്ടായിരുന്നതും തുടർച്ചയായി നടത്തിവരുന്നവയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷവും ഇവ സുഗമമായി നടത്തിവരുന്നു.

പട്ടികവർഗ്ഗ ക്ഷേമത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി ലഭിച്ചവ.

1. എം. ആർ. എസ്. പൂക്കോട്, വയനാട്.
2. എം. ആർ. എസ്. ഇടുക്കി.
3. അട്ടപ്പാടി ആരോഗ്യ പദ്ധതി ആശുപത്രി കെട്ടിട നിർമ്മാണം.

ഈ സർക്കാരിന്റെ കാലത്ത് അനുമതി കിട്ടിയവ

1. എം. ആർ. എസ്. (സി. ബി. എസ്. ഇ.) ഞാറനീലി

LIBRARY ARCHIVES Kerala Legislative Assembly

2. മാനന്തവാടി ആരോഗ്യ പദ്ധതി, ആശുപത്രി അടിസ്ഥാന സൗകര്യ വികസനം.

3. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

4. വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ.

5. പട്ടികവർഗ്ഗ പുനരധിവാസ ധനസഹായം.

6. പട്ടികവർഗ്ഗക്കാർക്കായുള്ള "ട്രൈബൽ കോംപ്ലക്സ്" കൊച്ചി.

ഇവ ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു.

ത്രിതല പഞ്ചായത്തുകൾ വഴിയുള്ള പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

137 (1029) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച എന്തെല്ലാം പദ്ധതികളാണ് ത്രിതല പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നത് ;

(ബി) ഈ പദ്ധതികളുടെ നടത്തിപ്പ് കുറ്റമറ്റവിധത്തിലാണെന്നുറപ്പു വരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഈ പദ്ധതിപ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്ക് സർക്കാരിനെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത്-മുനിസിപ്പൽ നിയമങ്ങൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കേണ്ട അനിവാര്യ ചുമതലകളുടെ പട്ടിക അനുബന്ധം I ആയി † ചേർത്തിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ നിന്നും പഞ്ചായത്തുകൾക്ക് കൈമാറിയ പദ്ധതികളുടെ പട്ടിക അനുബന്ധം II ആയി † ചേർത്തിരിക്കുന്നു. ഇവ കൂടാതെ പ്രത്യേക ഘടക പദ്ധതിയിലും ട്രൈബൽ സബ് പ്ലാനിലും പെടുത്തി ത്രിതല പഞ്ചായത്തുകൾക്ക് നൽകുന്ന തുക ഉപയോഗിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഉപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. †

†അനുബന്ധം XI, XIഎ

LIBRARY ARCHIVES Kerala Legislative Assembly